# ബാങ്കിങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങളും നിക്ഷേപകരുടെ ആശങ്കകളും

## ബാങ്കിങ്ങ് ഇതര ധനകാര്യ കമ്പനികൾ (എൻ ബിഎഫ്സികൾ)

1956 ലെ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് വായ്പകളും അഡ്വാൻസുകളും നൽകുകയും പലതരത്തിലുള്ള ഓഹരികൾ, കടപ്പത്രങ്ങൾ, സെക്യൂരിറ്റികൾ, ഹയർ പർചേസ്, ഇൻഷുറൻസ്, ചിട്ടി തുടങ്ങിയ മേഖലകളിൽ മുതൽമുടക്കുകയും പ്രധാന പ്രവർത്തനമായി സ്വീകരിച്ചിട്ടുള്ളവയാണ് ബാങ്കിങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ. രാജ്യത്തിൻെറ സാമ്പത്തികദൃഢതയെ ബാധിക്കുവാൻ സാധ്യതയുള്ളതിനാൽ, അവസാനം ഓഡിറ്റുചെയ്ത ബാക്കിപത്ര പ്രകാരം 100 കോടി രൂപയോ അതിൽ കവിഞ്ഞ തുകയോ ആസ്തിയുള്ള ധനകാര്യ സ്ഥാപനങ്ങളും എൻബിഎഫ്സികളായി പരിഗണിക്കപ്പെടുന്നു.

എല്ലാ ധനകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നില്ലെങ്കിലും മുകളിൽ സൂചിപ്പിച്ച ബിസിനസുകൾ നടത്തുന്നവയും, കൂടാതെ, നിക്ഷേപങ്ങൾ സ്വീകരിക്കുന്നവയും റിസർവ് ബാങ്കിൻെറ നിയന്ത്രണത്തിൽ വരുന്നവയാണ്. വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന എൻബിഎഫ്സികളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുക, പ്രവർത്തനം തടയുക, പിഴ ചുമത്തി ശിക്ഷിക്കുക തുടങ്ങി വിപുലമായ അധികാരങ്ങൾ ആർബിഐക്കുണ്ട്.

## റസിഡ്വറി നോൺ ബാങ്കിങ്ങ് കമ്പനികൾ അഥവാ ആർഎൻബിസികൾ

ഒരു പ്രത്യേക വിഭാഗം ബാങ്കിങ്ങ് ഇതര കമ്പനികളാണിവ. നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാനായി ഇവ സ്വീകരിച്ചിട്ടുള്ള 100 ശതമാനം നിക്ഷേപങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സെക്യൂരിറ്റികളിലും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലും പുനർനിക്ഷേപം നടത്തേണ്ടതുണ്ട്. അതുകൊണ്ട് നിക്ഷേപകർക്ക് പണം നഷ്ടപ്പെടുന്നില്ല. എന്നാൽ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ഇവയ്ക്ക് അനുമതിയുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ നിലവിലുള്ള പിയർലെസ്സ്, സഹാറാ എന്നീ രണ്ട് ആർഎൻബിസികളോടും നിക്ഷേപകർക്ക് പണം തിരിച്ചുനൽകി പ്രവർത്തനം അവസാനിപ്പിക്കുവാൻ ആർബിഐ നിർദ്ദേശിച്ചിട്ടുണ്ട്.

## നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ അനുമതിയുള്ള സ്ഥാപനങ്ങൾ

സാധാരണയായി സഹകരണ ബാങ്കുകൾ ഉൾപ്പടെയുള്ള ബാങ്കുകൾ മാത്രമേ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ കേന്ദ്ര സർക്കാരിൽ ൻ ഇന്നും അനുമതി നേടിയിട്ടുള്ള ഹൗസിങ്ങ് ഫൈനാൻസ് കമ്പനികൾക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോടുകൂടി ആർബിഐ യുടെ പ്രത്യേക ലൈസൻസ് നേടിയിട്ടുള്ള സ്ഥാപനങ്ങൾക്കും നിശ്ചിതപരിധി വരെ നിക്ഷേപങ്ങൾ സ്വീകരി ക്കാവുന്നതാണ്. കൂടാതെ സഹകരണ സംഘങ്ങൾക്കും തങ്ങളുടെ അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാം.

## നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽ എൻബിഎഫ്സികളെ ആർബിഐ വളരെയധികം നിയന്ത്രിക്കുന്നു

അപകടസാദ്ധ്യതയും അമിതാദായവും കണക്കിലെടുത്ത് കമ്പനികളിൽ മുതൽ മുടക്കുന്നവരെ പ്പോലെയല്ലാ, ഒരു ധനകാര്യസ്ഥാപനത്തെ പൂർണമായി വിശ്വസിച്ച് തങ്ങളുടെ സമ്പാദ്യങ്ങൾ നിക്ഷേപിക്കുന്ന വ്യക്തികൾ. അതുകൊണ്ട് നിക്ഷേപകരുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഏതു ധനകാര്യ സ്ഥാപനത്തേയും നിയന്ത്രിക്കുന്നതിൽ ആർബിഐ അതീവ ഉത്കണ്ഠ പുലർത്തുന്നു.

## നിക്ഷേപസുരക്ഷാ മുൻകരുതലുകൾ

ഒരു എൻബിഎഫ്സിയിൽ നിക്ഷേപിക്കുന്നതിനു മുൻപായി ആ സ്ഥാപനം ആർബിഐ യിൽ രജിസ്റ്റർ ചെയ്ത് നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതി നേടിയിട്ടുണ്ടോയെന്നും (ഇതിൻെറ പട്ടിക ആർബിഐയുടെ വെബ് സൈറ്റിൽ http://www.rbi.org.in > Sitemap > NBFC List > List of NBFCs permitted to accept deposits) ലഭ്യമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് വ്യക്തമായി കാണത്തക്ക വിധം അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുക. ഒരു എൻബിഎഫ്സിക്ക് പരമാവധി നൽകാവുന്ന പലിശനിരക്ക് 12.5% ആണെന്നും അതിസൂക്ഷ്മ സാമ്പത്തികസാഹചര്യമനുസരിച്ച് ആർബിഐ അതിൽ മാറ്റം വരുത്തിയിട്ടുണ്ടോ യെന്നും നോക്കുക. (ഈ മാറ്റങ്ങൾ http://www.rbi.org.in > Sitemap > NBFC List > FAQs ൽ റിസർവ് ബാങ്ക് പ്രസിദ്ധീകരിക്കുന്നുണ്ട്). അതോടൊപ്പം കമ്പനി നൽകുന്ന രസീതിൽ നിക്ഷേപകൻെറ പേര്, അക്കത്തിലും അക്ഷരത്തിലുമുള്ള നിക്ഷേപത്തുക, നിക്ഷേപത്തീയതി, പലിശനിരക്ക്, കാലാവധി, കാലാവധി

കഴിഞ്ഞു ലഭിക്കുന്ന തുക എന്നിവ അധികാരപ്പെടുത്തിയ ഒരുദ്യോഗസ്ഥൻെറ ഒപ്പോടുകൂടി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുക. ഇല്ലാത്തപക്ഷം അതിനായി നിർബന്ധിക്കുക.

## എൻബിഎഫ്സിയിലെ നിക്ഷേപങ്ങൾക്ക് പരിരക്ഷയില്ല

നിക്ഷേപം സ്വീകരിക്കുവാൻ അനുവാദമുണ്ടെങ്കിലും എൻബിഎഫ്സിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഒരു ഗ്യാരൻറിയുമില്ലാത്തതിനാൽ നിക്ഷേപകർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. എന്തായാലും രജിസ്റ്റർ ചെയ്യപ്പെട്ട ഒരു എൻ ബി എഫ്സി നിക്ഷേപത്തുക മടക്കിനൽകുന്നതിൽ വീഴ്ച്ച വരുത്തിയാൽ റിസർവ് ബാങ്കിൻെറ ഏറ്റവും അടുത്തുള്ള റീജനൽ ഓഫീസിനെയോ, കമ്പനി ലാ ബോർഡിനെയോ സിവിൽ കോടതിയെയോ, ഉപഭോക്തൃ തർക്കപരിഹാര ഫോറത്തെയോ, സംസ്ഥാന പൊലീസിൻെറ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെയോ സമീപിക്കാവുന്നതാണ്.

## നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ആർബിഐ കൈക്കൊള്ളുന്ന നടപടികൾ

പൊതുജനങ്ങളെ ബോധവൽക്കരിക്കുക, അച്ചടി മാദ്ധ്യമങ്ങളിലൂടെ മുന്നറിയിപ്പു പരസ്യങ്ങൾ പൊതുജനശ്രദ്ധക്കായി പ്രസിദ്ധീകരിക്കുക, ലഘു ലേഖകളും പ്രചാരണ പത്രികകളും വിതരണം ചെയ്യുക, പൊതുജനങ്ങളുമായി അവ ബോധനസമ്പർക്കം പുലർത്തുക, ചിലപ്പോൾ വളരെ പ്രചാരമുള്ള ഇംഗ്ലിഷിലെയും തദ്ദേശഭാഷയിലെയും പത്രങ്ങളോട് അംഗീകാരമില്ലാത്ത കമ്പനികളുടെ നിക്ഷേപത്തിനുവേണ്ടിയുള്ള പരസ്യങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുവാൻ അഭ്യർത്ഥിക്കുക, നിക്ഷേപത്തുകയുടെ പരിധി നിയന്ത്രണം ഉൾപ്പടെയുള്ള വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക, ക്രെഡിറ്റ് റേറ്റിങ്ങ് നിർബന്ധമാക്കുക, നിക്ഷേപങ്ങൾ മടക്കി നൽകുന്നതിനാവശ്യമായ രൊക്കം പണത്തിൻെറ ലഭ്യത നിലനിർത്തിപ്പിക്കുക, നേരിട്ടുള്ള പരിശോധനയും ഓഡിറ്റും നടത്തുക, പരാതികൾ കാലവിളംബമില്ലതെ അന്വേഷിക്കുക, പിഴ ചുമത്തുക, രജിസ്ട്രേഷൻ റദ്ദാക്കുക, വീണ്ടും നിക്ഷേപം സ്വീകരിക്കുന്നത് തടയുക, പ്രവർത്തനം നിർത്തി വയ്പിക്കുക, നിയമനടപടി സ്വീകരിക്കുക, കമ്പനി പൂട്ടിക്കുക എന്നിവ ആർബിഐയുടെ അധികാര പരിധിയിൽ പെടുന്നവയാണ്.